ലക്ഷം രൂപ പിഴയും രണ്ടുവർഷംവരെ കഠിന തടവോ അല്ലെങ്കിൽ ഇവ രണ്ടുംകൂടി ഒരുമിച്ചോ അനുഭവിക്കുന്നതിന് നിയമമുണ്ട്. കൂടാതെ ഈ വകുപ്പിന്റെ കീഴിൽ മൂന്ന് മേഖലാ ഓഫീസുകളിലായി മാരകമായി അപകടങ്ങൾ സംഭവിക്കുന്ന ഫാക്ടറികൾ പരിശോധിക്കുന്നതിനുവേണ്ടി ഓരോ സേഫ്റ്റി സെൽ പ്രവർത്തിക്കുന്നുണ്ട്. കെമിക്കൽ ഇൻസ്പെക്ടർ, ഫാക്ടറി ഇൻസ്പെക്ടർ, മെഡിക്കൽ ഓഫീസർ എന്നിവർ അടങ്ങുന്നതാണ് സേഫ്റ്റി സെൽ.

(ഡി) തൊഴിൽ ജന്യരോഗങ്ങൾ കണ്ടുപിടിക്കാനായി ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് (മെഡിക്കൽ)-ന്റെ നേതൃത്വത്തിൽ ഓക്യുപ്പേഷണൽ ഹെൽത്ത് സ്റ്റഡി നടത്തുന്നുണ്ട്.

(ഇ) നിയോഗിച്ചിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് ട്രൈബൽ മിഷൻ

21 (*591) ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു പ്രത്യേക ട്രൈബൽ മിഷൻ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്നു മുതലാണ് ഇത്തരത്തിൽ ഒരു പ്രത്യേക ട്രൈബൽ മിഷൻ രൂപീകരിച്ചതെന്നും ഇതുവരെ പ്രസ്തുത മിഷൻ ഈ രംഗത്ത് എന്തൊക്കെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ടെന്നും വിശദീകരിക്കുമോ ;

(സി) വനവാസ നിയമ പ്രകാരം എത്ര ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് സ്വന്തമായി ഭൂമി ലഭിക്കാൻ അർഹതയുള്ളത് എന്നാണ് മിഷൻ കണ്ടെത്തിയിട്ടുള്ളത് ;

(ഡി) ട്രൈബൽ മിഷൻ രൂപീകരിച്ചശേഷം ഇതുവരെ എത്ര കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി നൽകാൻ സാധിച്ചു എന്നറിയിക്കുമോ ;

(ഇ) ഈ വർഷം ഇനി എത്ര കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതി അനുസരിച്ച് സ്വന്തമായി ഭൂമി നൽകുമെന്ന് വെളിപ്പെടുത്തുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്.

(ബി) 9-11-2001-ലെ സ.ഉ.(പി) 63/2001/പജ.പവ.വിവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ട്രൈബൽ മിഷൻ രൂപീകരിച്ചിട്ടുള്ളത്. ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുക, അവരെ പുനരധിവസിപ്പിക്കുക, അവരുടെ സർവ്വോന്മുഖമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുക എന്നിവയാണ് ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. ഇതിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ് :

(1) ആദിവാസികൾക്ക് വിതരണം ചെയ്യാവുന്ന ഭൂമിയുടെ പരമാവധി വിവരങ്ങൾ ശേഖരിക്കുകയും അതിലൂടെ കണ്ടെത്തിയ ഭൂമി താഴെ പറയുന്ന 4 ഘട്ടങ്ങളിലായി വിതരണം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ഘട്ടം ഒന്ന് :- സാങ്കേതികവും നിയമപരവുമായ തടസ്സങ്ങളില്ലാത്ത വിതരണ യോഗ്യമായ റവന്യൂ ഭൂമിയുടെ വിതരണം.

രണ്ടാം ഘട്ടം :- വിവിധ വകുപ്പുകളുടേയും സ്വയംഭരണ സ്ഥാപനങ്ങളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും കീഴിൽ ലഭ്യമാകുന്ന ഭൂമിയുടെ വിതരണം.

മൂന്നാം ഘട്ടം :- കേന്ദ്ര സർക്കാർ അനുമതിയോടെ ലഭ്യമാകുന്ന ഭൂമിയുടെ വിതരണം.

നാലാം ഘട്ടം :- ഭൂമി അക്വയർ ചെയ്ത് വിതരണം.

(2) കേന്ദ്ര സർക്കാരിൽനിന്ന് 42.09 കോടി രൂപ വില നൽകി കണ്ണൂർ ജില്ലയിലെ ആറളം ഫാം ഏറ്റെടുത്തു. ഇതിന്റെ പകുതി ഭാഗം കേരള സർക്കാരിന്റെ കീഴിൽ ഫാമായി നിലനിർത്തുകയും കമ്പനിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പുനരധിവാസത്തിനായി മാറ്റിവച്ചിട്ടുള്ള സ്ഥലത്തുനിന്ന് 2335 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(3) കേന്ദ്ര സർക്കാർ ചില നിബന്ധനകൾക്ക് വിധേയമായി 7693.2257 ഹെക്ടർ വനഭൂമി വിട്ടുതരുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ നിബന്ധനകളിൽ നെറ്റ് പ്രസന്റ് വാല്യൂ (NPV) നൽകണമെന്ന നിബന്ധന ഒഴിവാക്കിക്കിട്ടുന്നതിന് ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്.

(4) കണ്ണൂർ ജില്ലയിൽ ആലക്കോട് എസ്റ്റേറ്റിൽ വിതരണം ചെയ്തതിൽ ബാക്കിയുള്ള ഭൂമി, പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ വല്ലങ്കി, മുതലമട എന്നിവിടങ്ങളിലെ ജലസേചന വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമി തുടങ്ങിയവ വിതരണത്തിന് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(5) ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിന് ഭൂമി വാങ്ങുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷന് ഫാസ്റ്റ്ട്രാക്ക് പ്രോജക്ട് ഗൈഡ്ലൈൻസ് ബാധകമാക്കിയിട്ടുണ്ട്. അതിൻപ്രകാരം ഏറ്റവും കൂടുതൽ ആദിവാസികളുള്ള വയനാട് ജില്ലയിൽ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി 1000 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൂവുടമകളിൽനിന്ന് ലഭിച്ചിട്ടുള്ള ഓഫറുകൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള സമിതി പരിശോധിച്ചു വരികയാണ്.

(6) വയനാട് ജില്ലയിലെ സുഗന്ധഗിരി, പൂക്കോട്, ചീങ്ങേരി, ഇടുക്കി ജില്ലയിലെ മറയൂർ, പന്തടിക്കളം, 80 ഏക്കർ സൂര്യനെല്ലി, വീലക്ക് തുടങ്ങിയ ആദിവാസി കോളനികളിലെ ഭവനനിർമ്മാണ പ്രവർത്തനങ്ങളും മിഷന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു.

(7) മിഷൻ മുഖേന വിതരണം ചെയ്ത ഭൂമിയിൽ താമസയോഗ്യമായ വീട്, കുടിവെള്ളം, വെളിച്ചം, റോഡ്, വിദ്യാഭ്യാസ സൗകര്യങ്ങൾ, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവയും സുസ്ഥിര വരുമാനത്തിന് ഉതകുന്ന പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(8) ഓരോ പുനരധിവാസ മേഖലയിലേയും ആവശ്യങ്ങൾ മനസ്സിലാക്കി അതാത് പ്രദേശത്തിനുതകുന്ന തരത്തിലുള്ള വികസന പരിപാടികൾ മറ്റ് വകുപ്പുകളുമായി ഏകോപിച്ച് നടപ്പിലാക്കുന്ന കാര്യത്തിൽ ആദിവാസി പുനരധിവാസ വികസന മിഷൻ ശ്രദ്ധ ചെലുത്തുന്നുണ്ട്.

(സി) വനവാസ നിയമപ്രകാരം ഭൂമി അനുവദിച്ച് നൽകുന്നത് ട്രൈബൽ മിഷൻ വഴിയല്ല.

(ഡി) ട്രൈബൽ മിഷൻ രൂപീകരിച്ചശേഷം ഇതുവരെ 6175 കുടുംബങ്ങൾക്ക് 8345.34 ഏക്കർ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഇ) ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഉദ്ദേശം 2100 ആദിവാസി കുടുംബങ്ങൾക്കുകൂടി ഈ വർഷം ഭൂമി അനുവദിച്ച് നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly